# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## പണവും സൗകര്യങ്ങളും നല്ലതാണ് - ഫ്രാൻസീസ് പാപ്പാ



ഞായറാഴ്ചയിലെ ആഞ്ചലുസ് പ്രാർത്ഥനയ്ക്കു മുൻപ് ഇറാഖിലെയും ഗാസ യിലെയും ജനങ്ങൾക്കുവേണ്ടി ഫ്രാൻസിസ്പാപ്പാ പ്രാർത്ഥനാസഹായം അപേക്ഷിച്ചു. ഈ ആഴ്ചകളിലുടനീളം ഫ്രാൻസിസ്പാപ്പാ നിരവധി ട്വീറ്റുകളിലൂടെ ഇറാഖിലെ ജനത യ്ക്കുവേണ്ടി പ്രാർത്ഥനാസഹായം അപേക്ഷിച്ചിരുന്നു.

ഇറാഖിലെ സ്ഥിതിയെക്കുറിച്ച് പാപ്പാ പറയുന്നു. "ഇറാഖിൽനിന്നും ലഭിച്ച വാർ ത്തകൾ ഞെട്ടിപ്പിക്കുന്നതും വിശ്വസിക്കാൻ കഴിയാത്തതുമായിരുന്നു. ക്രൈസ്തവരുൾ പ്പെടെ ആയിരക്കണക്കിനു ജനങ്ങൾ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ടു, പലായനം ചെയ്യപ്പെട്ടു, രക്ഷപെടുന്നതിനിടയിൽ കുഞ്ഞുങ്ങൾ വിശപ്പുകൊണ്ടും ദാഹംകൊണ്ടും മരിച്ചു, സ്ത്രീകളെ തട്ടിക്കൊണ്ടുപോയി, എല്ലാ തരത്തിലുമുള്ള ക്രൂരതകൾ അവിടെ സംഭവിച്ചു, വീടുകൾ തകർക്കപ്പെട്ടു, മതസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടു, ചരിത്രപരവും സാംസ്കാരികപരവുമായ പൈതൃകസ്വത്തുക്കൾ തകർക്കപ്പെട്ടു."

"മാനവികതയ്ക്കും ദൈവത്തിനുമെതിരായ അവഹേളനമാണിത്. ദൈവത്തിന്റെ പേരിൽ ഒരിക്കലും വിദ്വേഷവും വെറുപ്പും സൃഷ്ടിക്കരുത്. ദൈവത്തിന്റെ പേരിൽ യുദ്ധങ്ങൾ ഉണ്ടാക്കുകയുമരുത്." പാപ്പാ കൂട്ടിച്ചേർത്തു.

ഇസ്ലാംമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യാൻ വിസമ്മതിച്ച ക്രൈസ്തവരെ നാടുകടത്തുകയോ കൊല്ലുകയോ ചെയ്താണ് ഇസ്ലാംതീവ്രവാദികൾ പ്രതികാരം ചെയ്തത്. ബൈബിളിൽ പരാമർശിച്ചിരിക്കുന്ന നിനവേ നഗരത്തിലും മൊസൂളിലുമാണ് ഇസ്ലാംസൈന്യം ആക്രമണം നടത്തിയിരുന്നത്. നിഷ്കളങ്കരായ കുഞ്ഞുങ്ങളെയും നിരപരാധികളെയും കൊന്നൊടുക്കുന്ന ഈ സംഘർഷത്തിന് അറുതിവരുത്താൻ സഹായിക്കണമെന്ന് ദേശീയ, അന്തർദ്ദേശീയസംഘടനകളോടും നേതാക്കളോടും പാപ്പാ ആഹ്വാനം ചെയ്തിരുന്നു.

മറ്റുള്ളവരെ സഹായിക്കാൻ ഉതകുന്നതാണെങ്കിൽ പണവും സമ്പത്തും നല്ലതാണെന്ന് ഫ്രാൻസീസ് പാപ്പാ. വിശ്വാസതിരുസംഘത്തിന്റെ പ്രീഫെക്റ്റായ കർദിനാൾ ജെർഹാർഡ് മ്യൂള്ളറിന്റെ "പാവങ്ങൾക്കുവേണ്ടി പാവങ്ങൾ:സഭയുടെ ദൗത്യം" എന്ന പുസ്തകത്തി ന്റെ അവതാരികയിലാണ് പാപ്പാ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നത്.

സാമൂഹികവും ധാർമ്മികവും സാമ്പത്തികവുമായ ദാരിദ്ര്യത്തെക്കുറിച്ചും പാപ്പാ സംസാരിക്കുന്നുണ്ട് ഇതിൽ. തങ്ങളുടെ സമ്പത്ത് തങ്ങൾക്ക്വേണ്ടി മാത്രമല്ല, മറ്റുള്ളവർ ക്കുവേണ്ടിക്കൂടി ഉപയോഗിക്കണമെന്ന് പാപ്പാ പറഞ്ഞു. അപ്പോൾ മാത്രമേ സമ്പത്തു കൊണ്ട് ഗുണമുണ്ടാവുകയുള്ളൂ. ദാരിദ്ര്യത്തെ ഒരു അനുഗ്രഹമാക്കിയ യേശുവിന്റെ മാതൃക അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

''വസ്തുവകകളെപ്പോലെ പണവും ഒരു ഉപകരണമാണ്; മനുഷ്യന്റെ സ്വാത ന്ത്ര്യത്തെ വർദ്ധിപ്പിക്കുന്ന ഒരു ഉപകരണം. അത് മനുഷ്യനെ ഈ ലോകത്തിൽ ജോലി ചെയ്യാനും, ഫലം പുറപ്പെടുവിക്കാനും പര്യാപ്തമാക്കുന്നു.'' പാപ്പാ തുടർന്നു.''പക്ഷേ, അതുപോലെതന്നെ വ്യക്തികൾ തമ്മിലുള്ള അകലം വർദ്ധിപ്പിച്ച് സ്വാർത്ഥതയുടെ ചക്ര വാളത്തിൽ മനുഷ്യനെ എത്തിക്കാനും പണത്തിന് കഴിയും.''

''ദാരിദ്ര്യം എന്ന വാക്കിന് പശ്ചാത്യലോകം ഇന്ന് 'ദുരിതം' എന്നാണ് അർത്ഥം നൽകിയിരിക്കുന്നത് എന്നും പാപ്പാ അവതാരികയിൽ എഴുതി. പക്ഷേ അത് മാത്രമല്ല ദാരിദ്ര്യംകൊണ്ട് അർത്ഥമാക്കുന്നത്. യഥാർത്ഥദാരിദ്ര്യം എന്നത് ഒരു പരിമിതിയല്ല. അതൊരു വിഭവമാണ് (Resource). എല്ലാവരുടേയും നന്മയ്ക്കായി ഉപയോഗിക്കാനുള്ള ഒരു ഉപകരണം. ഇങ്ങനെയൊരു ഭാവാത്മകമയ കാഴ്ചപ്പാടാണ് സുവിശേഷം നമുക്ക് സമ്മാ നിക്കുന്നത്. അതുകൊണ്ടാണ് ക്രിസ്തു അതിനെ അനുഗ്രഹമാക്കി മാറ്റിയതും.''

സമ്പത്തും സാഹോദര്യവും തമ്മിലുള്ള നഷ്ടപ്പെട്ടുപോയ ബന്ധത്തെ കണ്ടുപിടി ക്കുകയും പുനർജീവിപ്പിക്കുകയും ചെയ്യുക എന്നതാണ് ക്രൈസ്തവന്റെ ഇന്നത്തെ ദൗത്യം എന്നും പാപ്പാ ഓർമ്മിപ്പിച്ചു.''നമ്മുടെ ജീവിതം സമ്പത്തിൽ മാത്രം ആശ്രയിച്ചല്ല നിലനിൽക്കുന്നത്.'' എന്ന യേശുവിന്റെ വചനം പാപ്പാ ആവർത്തിച്ചു.

പാപ്പായുടെ അവതാരിക കഴിഞ്ഞദിവസം 'ഇൽ കൊറിയേരെ ദെല്ലാ സേരാ' പത്രം പ്രസിദ്ധീകരിച്ചിരിക്കുന്നു.